# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3749

20-06-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണ സമയപരിധി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.അബ്ദുറഹിമാൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ ; | (എ) യും (ബി) യും | ഒന്നാം ഘട്ട പദ്ധതിയുടെ പ്രധാന ഘടകമായ 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ കരയിൽ നിന്നുള്ള 565 മീറ്റർ നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പൈൽ സ്ഥാപിക്കൽ സമയബന്ധിതമായി പൂർത്തിയാക്കി. കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും തുറമുഖ |
| (ബി) നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര ശതമാനം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കുമോ ; | (ബി) | പ്രവർത്തനങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുമതികൾക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം തുടങ്ങുന്നതാണ്. പുലിമുട്ട് നിർമ്മാണം വേണ്ടത്ര പുരോഗതി കൈവരിച്ചാൽ മാത്രമേ ബെർത്തിന്റേയും സൂപ്പർ സ്ട്രക്ച്ചറിന്റേയും പണികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) തുറമുഖ നിർമ്മാണം സർക്കാർ നേരത്തെ തീരുമാനിച്ച സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമോ; നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നിർമ്മാണത്തെ ബാധിക്കുന്നുണ്ടോ ; | (സി) | കരാർ പ്രകാരം 2019 ഡിസംബർ 3 നാണ് ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി തുറമുഖം കമ്മീഷൻ ചെയ്യേണ്ടത്. എന്നാൽ പുലിമുട്ട് നിർമ്മാണത്തിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ സമയ ബന്ധിതമായ പൂർത്തീകരണത്തെ ബാധിച്ചിട്ടുണ്ടെന്ന് പദ്ധതിയുടെ ഇൻഡിപെൻഡന്റ് എഞ്ചിനീയർ (IE) വിലയിരുത്തിയിട്ടുണ്ട്. അദാനി കമ്പനിയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ കാലതാമസം പരമാവധി ഒഴിവാക്കി പ്രോജക്ട് പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. പദ്ധതിക്ക് ആവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കാൻ അദാനി കമ്പനിക്ക് |

| | | | |
|---|---|---|---|
| | | | കഴിയാതെ വന്നതാണ് തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളെ ബാധിച്ചത്. |
| (ഡി) | ഈ സർക്കാരിന്റെ കാലത്തുതന്നെ നിർമ്മാണം പൂർത്തിയാക്കി വിഴിഞ്ഞം തുറമുഖം നാടിന് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ